"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ തെരുവുനായകൾ മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നത് സംബന്ധിച്ച് 12/09/2022, 13/09/2022 തീയതികളിൽ നടന്ന ഉന്നത തലയോഗത്തിന്റെ അടിസ്ഥാനത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ(സാധാ)നം.2244/2022/LSGD തീയതി,തിരുവനന്തപുരം, 15/09/2022

---

പരാമർശം:- 1. സ.ഉ.(സാധാ) നം. 2065/2022/തസ്വഭവ തീയതി 23/08/2022.

2. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 12/09/2022, 13/09/2022 തീയതികളിൽ ചേർന്ന ഉന്നതതല യോഗതീരുമാനങ്ങൾ.

<u>ഉത്തരവ്</u>

സംസ്ഥാനത്തെ വർദ്ധിച്ചുവരുന്ന തെരുവുനായ ശല്യം പരിഹരിക്കുന്നതിന്റെ ഭാഗമായി 26/07/2022 ന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ ഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതു പ്രകാരമുള്ള നടപടികളുടെ നിർവ്വഹണം ഊർജ്ജിതമാക്കണം. എല്ലാ ബ്ലോക്കിലും ചുരുങ്ങിയത് ഒരു ABC കേന്ദ്രമെങ്കിലും സജ്ജീകരിക്കുന്നതിന് DPC കൾ ഇടപെടണം.

സംസ്ഥാനത്തെ തെരുവുനായകളുടെ കടിയേൽക്കുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്ന അടിന്തര സാഹചര്യം പരിഗണിച്ച് ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 12/09/2022, 13/09/2022 തീയതികളിൽ ഉന്നത തല യോഗങ്ങൾ ചേർന്നിരുന്നു. പ്രസ്തുത യോഗങ്ങളിൽ തെരുവുനായകളുടെ കടിയേൽക്കുന്നത് നിയന്ത്രിക്കുന്നത് സംബന്ധിച്ചും കടിയേൽക്കുന്നവർക്ക് പേ വിഷബാധയേൽക്കുന്നത് തടയുന്നത് സംബന്ധിച്ചും വിശദമായി ചർച്ച ചെയ്യുകയും മുൻ മന്ത്രിതല യോഗങ്ങളുടെ പുരോഗതി വിലയിരുത്തുകയും ചെയ്തു. നിലവിലെ സ്ഥിതി പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടികൾ കൈക്കൊള്ളുന്നതിനായി പരാമർശം (2) തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് തെരുവുനായകൾ മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നിലവിലുള്ള നിർദ്ദേശങ്ങൾക്ക് പുറമെ ഒരു അടിയന്തര കർമ്മപരിപാടി പ്രാദേശിക സർക്കാർ തലത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉത്തരവാകുന്നു. ഈ കർമ്മ പരിപാടിക്ക് നാലു ഘടകങ്ങളുണ്ടാകും.

1. തീവ്ര വാക്സിനേഷൻ യജ്ഞം

2. തെരുവുനായകൾക്കും ഉപേക്ഷിക്കപ്പെട്ട നായകൾക്കുമായുള്ള അഭയകേന്ദ്രങ്ങൾ സജ്ജമാക്കൽ

3. ശുചിത്വയജ്ഞം

4. ഐ.ഇ.സി ക്യാംപെയ്ൻ (IEC Campaign)

തദ്ദേശ തലത്തിലെ കർമ്മ പരിപാടി നടപ്പിലാക്കാൻ ചുവടെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ കർമ്മ പരിപാടി നടപ്പിലാക്കുന്നതിനും ഏകോപിത പ്രവർത്തനം ഉറപ്പാക്കുന്നതിനും തുടർച്ചയായി സ്ഥിതി വിവര കണക്കുകൾ വിലയിരുത്തുന്നതിനും സംസ്ഥാന, ജില്ലാ, തദ്ദേശ ഭരണ സ്ഥാപന തലങ്ങളിൽ സമിതികൾ രൂപീകരിക്കേണ്ടതായിട്ടുണ്ട്. ഇവയുടെ ഘടനയും ഉത്തരവാദിത്വങ്ങളും താഴെ വിശദീകരിച്ചിട്ടുണ്ട്.

<u>1. തീവ്ര വാക്സിനേഷൻ യജ്ഞം</u>

- സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ കടിയേൽക്കുന്നത് മനുഷ്യരിൽ പേവിഷബാധയേൽക്കുന്നതിന് മുഖ്യകാരണമായി മാറിയിട്ടുണ്ട്. ഈ വിഷയത്തിൽ തെരുവുനായ്ക്കളിൽ പേവിഷബാധ പ്രതിരോധ കുത്തിവയ്പ്പ് ആരംഭിക്കേണ്ടത് അനിവാര്യമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയും മൃഗക്ഷേമ സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവയുടെ സഹായത്തോടെയും തെരുവുനായ്ക്കളിൽ ഈ പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്. ഇപ്രകാരം തെരുവുനായ്ക്കളിൽ കുത്തിവയ്ക്കുന്ന പേവിഷബാധ കുത്തിവയ്പ്പിന് തുക ഈടാക്കേണ്ടതില്ല. മൃഗസംരക്ഷണ വകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ആയിരിക്കും നായ്ക്കളെ കുത്തിവയ്ക്കുക. ഓരോ പ്രദേശത്തെയും അനിമൽ ഫീഡേഴ്സിന്റെ സഹായത്താൽ ഹാൻഡ്ക്യാച്ചിങ് നടത്തിയും നായ്ക്കളെ പിടിക്കാവുന്നതാണ്. ഹാൻഡ്ക്യാച്ചിങ്ങിലൂടെ പിടിക്കാൻ കഴിയാത്ത നായ്ക്കളെ പിടിക്കുന്നതിനായി ഡോഗ് ക്യാച്ചർമാരുടെ സേവനം വിനിയോഗിക്കാവുന്നതാണ്. ആയതിനു വേണ്ട തുക അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്.
- ഇപ്രകാരം സംസ്ഥാനത്ത് തെരുവ് നായ നിയന്ത്രണ തീവ്രയജ്ഞ പരിപാടി ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായുള്ള പ്രത്യേക വാക്സിനേഷൻ യജ്ഞം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും 2022 സെപ്തംബർ 20 മുതൽ ഒക്ടോബർ 20 വരെ സംഘടിപ്പിക്കേണ്ടതാണ്.
- വാക്സിനേഷൻ ഡ്രൈവിനായുള്ള എസ്.ഒ.പി മൃഗസംരക്ഷണ വകുപ്പ് തയ്യാറാക്കി ലഭ്യമാക്കുന്നതാണ്.
- ആരോഗ്യ വകുപ്പും മൃഗസംരക്ഷണവകുപ്പും ലഭ്യമാക്കുന്ന വിവരത്തിന്റെ അടിസ്ഥാനത്തിലുള്ള ഹോട്ട്സ്പോട്ടുകൾ കണ്ടെത്തി പ്രസ്തുത പ്രദേശങ്ങളിൽ വാക്സിനേഷൻ ഡ്രൈവ് ഊർജ്ജിതമാക്കേണ്ടതാണ്. ഹോട്ട്സ്പോട്ടുകൾ നിർണ്ണയിക്കുന്നത് സംബന്ധിച്ച തീരുമാനം മൃഗസംരക്ഷണ വകുപ്പിന്റേയും ആരോഗ്യ വകുപ്പിന്റേയും സഹായത്തോടെ ജില്ലാതലത്തിൽ കൈകൊള്ളേണ്ടതാണ്.

- തദ്ദേശ ഭരണ സ്ഥാപനതല കമ്മിറ്റികൾ ആക്രമണകാരികളായ നായകൾ കൂടുതലുള്ള പ്രദേശങ്ങൾ കണ്ടത്തേണ്ടതും ടി സ്ഥലങ്ങളിൽ സമ്പൂർണ്ണ (Saturation) വാക്സിനേഷൻ ഡ്രൈവുകൾ സംഘടപ്പിക്കുന്നതിന് മുൻഗണന നൽകേണ്ടതുമാണ്.
- സ്കൂൾ പരിസരങ്ങളിലും കുട്ടികൾ സഞ്ചരിക്കുന്ന ഇടങ്ങളിലും വാക്സിനേഷൻ ഡ്രൈവ് നടത്തുമ്പോൾ മുൻഗണന നൽകേണ്ടതാണ്.
- ഹോട്ട് സ്പോട്ടുകളായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വാക്സിനേഷൻ യജ്ഞങ്ങൾ സംഘടിപ്പിക്കുന്നതിനായി ജില്ലാ - ബ്ലോക്ക് - തദ്ദേശ സ്ഥാപന തലത്തിലുള്ള വാഹന സൗകര്യങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.
- പൊതുജനാരോഗ്യ കേന്ദ്രങ്ങളിലെയും വെറ്ററിനറി ആശുപത്രികളിലേയും മെഡിക്കൽ ഓഫീസർമാർ തെരുവുനായ ആക്രമണം സംബന്ധിച്ച വിവരങ്ങൾ (Daily Reports) തദ്ദേശ ഭരണസ്ഥാപന തല കമ്മിറ്റിക്ക് കൃത്യമായി നൽകേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ പുതിയ ഹോട്ട്സ്പോട്ടുകളും നായ ശല്യം പുതുതായി ഉണ്ടായി വരുന്ന കേന്ദ്രങ്ങളും കണ്ടെത്തേണ്ടതാണ്.
- വാക്സിനേഷൻ കേന്ദ്രങ്ങളിലേക്ക് നായകളെ കൊണ്ടുവരുന്നതിനായി മൃഗപാലകരായും Dog Catcher ആയും പ്രവർത്തിക്കാൻ തയ്യാറാകുന്ന ചുവടെ ചേർക്കുന്ന മേഖലകളിൽ നിന്നും സന്നദ്ധപ്രവർത്തകരെ ഒരാഴ്ചക്കുള്ളിൽ തദ്ദേശ ഭരണ സ്ഥാപനതല കമ്മിറ്റി കണ്ടെത്തി നിയോഗിക്കാവുന്നതാണ്.
  1. സന്നദ്ധ സേനാംഗങ്ങൾ
  2. കുടുംബശ്രീ പ്രവത്തകർ
  3. മൃഗക്ഷേമ സംഘടന പ്രവർത്തകർ
  4. ജനമൈത്രി പോലീസ്
  5. മൃഗ ക്ഷേമ സംഘടനകൾ.

- ഇത്തരം മൃഗപരിപാലകർക്ക് (സന്നദ്ധ പ്രവർത്തകർക്ക്) ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ രോഗം വരാതിരിക്കാനുള്ള കരുതൽ വാക്സിനേഷൻ നൽകേണ്ടതാണ്.
- എല്ലാ നഗര തദ്ദേശഭരണ സ്ഥാപനങ്ങളും വാക്സിനേഷൻ യജ്ഞത്തിനായി വാഹനങ്ങൾ വാടയ്ക്ക് എറ്റെടുക്കാവുന്നതാണ്. വാക്സിനേഷനായി വാഹനങ്ങൾ സജ്ജീകരിക്കുന്നത് സംബന്ധിച്ച എസ്.ഒ.പി മൃഗസംരക്ഷണ വകുപ്പ് തയ്യാറാക്കുന്നതാണ്. ഈ വാഹനങ്ങൾ ഗ്രാമപഞ്ചായത്ത്/നഗര തദ്ദേശഭരണ സ്ഥാപനതലത്തിൽ കണ്ടെത്തിയിട്ടുള്ള ഹോട്ട്സ്പോട്ടുകൾ കേന്ദ്രീകരിച്ച് വാക്സിനേഷൻ നൽകുന്നതിനായി ഉപയോഗിക്കേണ്ടതാണ്. ഇത് സംബന്ധിച്ച സമയക്രമം മൃഗസംരക്ഷണ വകുപ്പിന്റെ അസിസ്റ്റന്റ് ഡയറക്ടർ ഗ്രാമപഞ്ചായത്തുകളുമായും നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും ആലോചിച്ച് തീരുമാനിക്കേണ്ടതാണ്. (സമയക്രമം സംബന്ധിച്ച അറിയിപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മുൻകൂട്ടി നൽകേണ്ടതാണ്.)
- ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വളർത്തുനായകളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട അപേക്ഷകൾ ഐ.എൽ.ജി.എം.എസ് പോർട്ടൽ വഴി സമർപ്പിക്കാവുന്നതും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് മൂന്ന് ദിവസത്തിനകം വാക്സിനേഷൻ പൂർത്തീകരിച്ച് പഞ്ചായത്ത് ലഭ്യമാക്കേണ്ടതുമാണ്. ഐ.എൽ.ജി.എം.എസ് ൽ സുഗമമായ

രജിസ്ട്രേഷൻ ഇൻഫർമേഷൻ കേരള മിഷൻ ഉറപ്പ് വരുത്തേണ്ടതുമാണ്. രജിസ്റ്റർ ചെയ്ത നായകളെ തിരിച്ചറിയുന്നതിനായുള്ള മെറ്റൽ ടോക്കൺ/കോളർ ഉടമയുടെ ഉത്തരവാദിത്തത്തിൽ ഘടിപ്പിക്കേണ്ടതാണ്.

- പരാമർശം (1) ഉത്തരവിലെ എട്ടാം ഖണ്ഡികയിൽ വിവരിക്കുന്നത് പ്രകാരം എ.ബി.സി പ്രോഗ്രാമിന് അനുവദിച്ചതുപോലെ 200/- രൂപ നായയുടെ ട്രാൻസ്പോർട്ടേഷനും ഒരു നായയെ പിടിക്കുന്നതിന് 300/- രൂപ ഡോഗ് ക്യാച്ചേഴ്സിനും നൽകേണ്ടതാണ്.
- തെരുവ് നായകളെ വാക്സിനേഷനായും വന്ധ്യംകരിക്കുന്നതിനായും കേന്ദ്രങ്ങളിലേക്ക് കൊണ്ടുവരുന്ന മൃഗസ്നേഹികളായ വ്യക്തികൾക്ക് 500/- രൂപ (Loose companion offer) പ്രതിഫലമായി എ.ബി.സി കേന്ദ്രങ്ങളിൽ നിന്നും നൽകേണ്ടതാണ്.
- മൃഗപരിപാലകർക്കുള്ള (സന്നദ്ധപ്രവർത്തകർ) പരിശീലനം മൃഗസംരക്ഷണ വകുപ്പിന്റേയോ വെറ്ററിനറി സർവ്വകലാശാലയുടെയോ ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററുകളുടേയോ സഹകരണത്തോടെ അടിയന്തിരമായി സംഘടിപ്പിക്കേണ്ടതാണ്.

2.<u>തെരുവുനായകൾക്കും ഉപേക്ഷിക്കപ്പെട്ട നായകൾക്കുമായുള്ള അഭയകേന്ദ്രങ്ങൾ.</u>

- ആക്രമണകാരികളായ നായകളെ തെരുവുകളിൽ നിന്നും മാറ്റേണ്ടത് അനിവാര്യമാകയാൽ അവയെ അഭയ കേന്ദ്രങ്ങളിൽ പാർപ്പിക്കേണ്ടതാണ്.
- ആദ്യ ഘട്ടം എന്ന നിലയിൽ ഹോട്ട്സ്പോട്ടുകൾ നിലവിലുള്ള എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിലും അഭയ കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതാണ്. ഇതിനായി ത്രിതല പഞ്ചായത്തുകളുടെ ഫണ്ട് ഏകോപിപ്പിച്ച് വിനിയോഗിക്കാവുന്നതാണ്. തൊട്ടടുത്ത നഗര തദ്ദേശ സ്ഥാപനത്തിന്റെ ഫണ്ട് കൂടി ആവശ്യമെങ്കിൽ ഏകോപിപ്പിച്ച് അഭയ കേന്ദ്രങ്ങൾ സ്ഥാപിക്കാവുന്നതാണ്. ഉപയോഗിക്കാത്തതോ പൂർണ്ണമായി ഉപയോഗിക്കാത്ത കെട്ടിടഭാഗമോ അഭയ കേന്ദ്രങ്ങളുടെ നടത്തിപ്പിനായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. ഇത്തരത്തിലുള്ള കെട്ടിടങ്ങൾ കണ്ടെത്തുന്നതിനുള്ള പ്രാഥമിക പരിശോധന തദ്ദേശ ഭരണസ്ഥാപനതല കമ്മിറ്റി നിർവ്വഹിക്കേണ്ടതാണ്. ജില്ലാ ഭരണകൂടങ്ങൾ ഇക്കാര്യത്തിൽ തദ്ദേശ ഭരണസ്ഥാപനങ്ങൾക്കാവശ്യമായ സഹായം ലഭ്യമാക്കേണ്ടതാണ്. മറ്റു വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളാണെങ്കിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ സ്ഥിരം സംവിധാനം ഒരുക്കുന്നത് വരെ താൽകാലികാടിസ്ഥാനത്തിൽ പ്രസ്തുതകെട്ടിടങ്ങൾ അഭയ കേന്ദ്രങ്ങൾ നടത്തുന്നതിനായി ഉപയോഗിക്കാവുന്നതും ഇതിനായി ഇത്തരം കെട്ടിടം ദുരന്ത നിവാരണം 2005 സെക്ഷൻ 65 പ്രകാരം ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ ഏറ്റെടുത്ത് നൽകേണ്ടതുമാണ്.
- മേൽപ്പറഞ്ഞ പ്രകാരം അഭയ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് (ഹോട്ട്സ്പോട്ടുകൾ കണ്ടെത്താത്ത പ്രദേശങ്ങളാണെങ്കിൽ കൂടിയും) ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരതദ്ദേശഭരണ സ്ഥാപനങ്ങൾക്കും അനുമതി നൽകുന്നു. ആയതിന് മേൽപ്പറഞ്ഞ പ്രകാരം ത്രിതലപഞ്ചായത്തുകളുടെയും നഗരസഭകളുടെയും ഫണ്ടുകൾ ഏകോപിപ്പിക്കാവുന്നതാണ്.

- അഭയ കേന്ദ്രത്തിൽ ഭക്ഷണം നൽകുന്നതിനും അടിസ്ഥാന പരിചരണത്തിനുമായി തദ്ദേശ സ്വയംഭരണസ്ഥാപനതല കമ്മിറ്റികൾ ഒരു ഷെൽറ്റർ മാനേജ്മെന്റ് ഗ്രൂപ്പ് രൂപീകരിക്കേണ്ടതാണ്. ഇത്തരം ഗ്രൂപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് വിവിധ ഏജൻസികളുടെയും സന്നദ്ധ സംഘടനകളുടെയും സഹായം ജില്ലാതല കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്. ഇതിനായുള്ള ഫണ്ട്, ഭക്ഷണം മറ്റ് വിഭവങ്ങൾ എന്നിവ സ്വരൂപിക്കുന്നതിനായി മൃഗസ്നേഹികളെയും പ്രാദേശിക മൃഗക്ഷേമ സംഘടനാ പ്രവർത്തകരേയും സന്നദ്ധ വിഭാഗങ്ങളേയും ഈ ഗ്രൂപ്പിൽ അംഗങ്ങളാക്കാൻ ശ്രദ്ധചെലുത്തേണ്ടതാണ്.
- നിലവിലുള്ള സ്വകാര്യ പുനരധിവാസ കേന്ദ്രങ്ങളെയും, നായ വളർത്തൽ കേന്ദ്രങ്ങളെയും ഈ ആവശ്യത്തിനായി ഉപയോഗിക്കാനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്. ഇത്തരം സ്ഥാപനങ്ങളുടെ ഉടമകളെ തദ്ദേശഭരണസ്ഥാപനതല കമ്മിറ്റിക്ക് ഒരു റിസോഴ്സ് സപ്പോർട്ട് ആന്റ് മൊബിലൈസേഷൻ ടീം ആയി പങ്ക് ചേർക്കാവുന്നതാണ്.

## 3. ശുചിത്വയജ്ഞം

- എല്ലാ പൊതുനിരത്തുകളിലെയും പൊതു സ്ഥലങ്ങളിലെയും ജൈവ - സങ്കര മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.
- തുമ്പൂർമുഴി പോലെയുള്ള മാലിന്യനിർമ്മാർജ്ജന സംവിധാനങ്ങൾ പ്രവർത്തന ക്ഷമമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
- ഭക്ഷണ - മാംസ മാലിന്യങ്ങൾ തെരുവുനായകൾക്ക് ഉപയോഗിക്കാനാകുന്ന വിധം നിക്ഷേപിക്കുന്നത് തടയുന്നതിനായി ഹോട്ടലുകൾ, കല്ല്യാണമണ്ഡപങ്ങൾ, റസ്റ്റാറന്റുകൾ, ഭക്ഷണശാലകൾ എന്നിവയുടെ ഉടമകൾ, മാംസവ്യാപാരികൾ, വ്യാപാരി വ്യവസായി സംഘടനകൾ എന്നിവരുമായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും യോഗം വിളിച്ചുകൂട്ടി കർശന നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.
- അനധികൃത അറവുശാലകളിൽ നിന്നും മറ്റ് മാംസ വ്യാപാരശാലകളിൽ നിന്നും മാംസ മാലിന്യങ്ങൾ പൊതുഇടങ്ങളിൽ നിക്ഷേപിക്കുന്നത് തടയുന്നതിന് നിരന്തരം പരിശോധനകൾ നടത്തുന്നതിനും, കുറ്റക്കാരിൽ നിന്ന് പിഴ ഈടാക്കുന്നതിനുള്ള കർശന നടപടികളും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ടതാണ്.
- മാലിന്യ സംസ്കരണ വ്യവസ്ഥകൾ ഫലവത്താണോ എന്ന് ഉറപ്പുവരുത്തുന്നതിനായി ഡി & ഒ ലൈസൻസ് ഉള്ള സ്ഥാപനങ്ങളിൽ തീവ്രപരിശോധനകൾ നടപ്പിലാക്കണം.
- എല്ലാ മാർക്കറ്റുകളിലും വ്യാപാര ഇടങ്ങളിലും മാലിന്യം സംസ്കരിക്കുന്നത് യഥാവിധിയാണെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പ് വരുത്തേണ്ടതാണ്.
- തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളെ ഉപയോഗിച്ച് മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് കമ്പോസ്റ്റ് പിറ്റുകൾ, മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ (Mini MCF) എന്നിവ ഉണ്ടാക്കുന്നതിനുള്ള 30 ദിവസത്തെ തീവ്രയജ്ഞം ഒക്ടോബർ മാസത്തിൽ സംഘടിപ്പിക്കേണ്ടതാണ്. പ്രത്യേകിച്ചും മാർക്കറ്റുകളിൽ പൊതു ജൈവ മാലിന്യ സംസ്കരണ സംവിധാനം ഉറപ്പാക്കണം.

- ശുചീകരണ യജ്ഞം പൊതു സ്ഥലങ്ങളിലെ (വിശേഷാൽ മാർക്കറ്റുകളിലെയും കമ്പോളങ്ങളിലെയും) ഖര - ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനും കൂടി മുൻതൂക്കം നൽകിക്കൊണ്ടാവണം നിർവ്വഹിക്കേണ്ടത്. ഇതിനായി സന്നദ്ധ പ്രവർത്തകരേയും വിദ്യാർത്ഥികളേയും ഉപയോഗപ്പെടുത്താവുന്നതാണ്. മേൽ കാര്യങ്ങൾ മുൻനിർത്തി (ഒക്ടോബർ 2 മുതലുള്ള ശുചിത്വ പക്ഷാചരണത്തിന്റെയും മുൻഗണന ഇത്തരം പ്രവർത്തനങ്ങൾക്കായിരിക്കണം) ശുചിത്വ മിഷൻ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതാണ്.

## 4. ഐ. ഇ. സി ക്യാംപെയ്ൻ (IEC Campaign)

- തെരുവുനായകളുടെ ആക്രമണ സ്വഭാവത്തെ ഉദ്ദീപിപ്പിക്കുന്ന പ്രവൃത്തികളെക്കുറിച്ചുള്ള അവബോധം, നായകളുടെ അക്രമഭീതി ഉണ്ടാകുന്ന സാഹചര്യത്തിൽ ചെയ്യേണ്ടുന്ന നടപടികൾ, പ്രഥമ ശുശ്രൂഷയുടെ പ്രാധാന്യം, കടിയേൽക്കുന്ന സാഹചര്യത്തിൽ അടിയന്തരമായി സ്വീകരിക്കേണ്ട നടപടികൾ എന്നിവയെ കുറിച്ച് സ്കൂൾ വിദ്യാർത്ഥികൾക്കും മാതാപിതാക്കൾക്കും സ്കൂൾ അധികൃതർക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സ്കൂൾ പി.ടി.എ-യുടെ സഹായത്തോടുകൂടി പരിശീലനം നൽകേണ്ടതാണ്. ഇതിനായുള്ള പ്രചാരണ നടപടികൾ ജില്ലാ ഇൻഫർമേഷൻ ഓഫീസർ സ്വീകരിക്കേണ്ടതാണ്.
- രാഷ്ട്രീയ പാർട്ടികൾ, എൻ.ജി.ഒ-കൾ, വ്യാപാരി വ്യവസായി സംഘടനകൾ, ഉദ്യോഗസ്ഥർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുമായി ചേർന്ന് നിയോജക മണ്ഡല അടിസ്ഥാനത്തിൽ എം.എൽ.എ.മാരുടെ നേതൃത്വത്തിൽ യോഗങ്ങൾ സംഘടിപ്പിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കേണ്ടതാണ്.
- വളർത്തുനായകൾക്ക് കൃത്യമായ ഇടവേളകളിൽ വാക്സിനേഷൻ നൽകുകയും മൃഗസംരക്ഷണ വകുപ്പ് അവയ്ക്ക് രജിസ്ട്രേഷൻ നൽകുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവയ്ക്ക് ലൈസൻസ് നൽകുകയും ചെയ്യേണ്ടതാണ്. ഇതിനായുള്ള നിരന്തര ബോധവത്കരണം നടത്തുന്നതിനുള്ള നടപടികൾ എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാരും സ്വീകരിക്കേണ്ടതാണ്.
- നായകളുടെ കടിയേൽക്കുമ്പോൾ സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ സംബന്ധിച്ച് പൊതുജനങ്ങളിൽ നിരന്തര ബോധവത്കരണം നടത്തുന്നതിനുള്ള നടപടികൾ വിവര പൊതുജനസമ്പർക്ക വകുപ്പ് സ്വീകരിക്കേണ്ടതാണ്.
- തെരുവുനായ പ്രശ്നം സംബന്ധിച്ച സേവനങ്ങൾ ലഭ്യമാക്കുന്നതിന് ജില്ലാതലത്തിൽ ടോൾ ഫ്രീ നമ്പർ രൂപീകരിക്കുന്നതിനും അടിയന്തര സേവനങ്ങൾ ഏകോപിപ്പിക്കുന്നതിനുമുള്ള സംവിധാനം ജില്ലാ കളക്ടർമാർ ഒരുക്കേണ്ടതാണ്.
- സ്കൂൾ പ്രവൃത്തി ദിവസങ്ങളിൽ സ്കൂൾ പരിസരത്തും ഇടവഴികളിലും മാലിന്യ നിക്ഷേപ പരിസരങ്ങളിലും അക്രമകാരികളായ നായകളുടെ വിഹാരം തടയുന്നതിനായി സന്നദ്ധ പ്രവർത്തകരുടെ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ടതാണ്.

## ഓർഗനൈസേഷൻ സംവിധാനം.

മേൽ വാക്സിനേഷൻ ഡ്രൈവ് ഫലപ്രദമായി ഏകോപിപ്പിക്കുന്നതിന് ഫലപ്രദമായ ഒരു ഓർഗനൈസേഷൻ സംവിധാനം ത്രിതല തട്ടിൽ രൂപീകരിക്കേണ്ടതായിട്ടുണ്ട്.

- സംസ്ഥാനതല കമ്മിറ്റി

അതിതീവ്ര തെരുവുനായ നിയന്ത്രണ യജ്ഞത്തിന്റെ മേൽനോട്ടം വഹിക്കുന്നതിന് ചുവടെ ചേർത്തിരിക്കുന്ന അംഗങ്ങളെ ഉൾപ്പെടുത്തി സംസ്ഥാനതല കമ്മിറ്റി രൂപീകരിക്കുന്നു.

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി
2. മൃഗസംരക്ഷണ വകുപ്പ് മന്ത്രി
3. ആരോഗ്യ വനിതാ ശിശു വികസന വകുപ്പ മന്ത്രി
4. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി
5. ആരോഗ്യ വകുപ്പ് സെക്രട്ടറി
6. മൃഗസംരക്ഷണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി
7. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ (കൺവീനർ)
8. പഞ്ചായത്ത് ഡയറക്ടർ
9. നഗരകാര്യ ഡയറക്ടർ
10. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ
11. ആരോഗ്യ വകുപ്പ് ഡയറക്ടർ
12. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ
13. ഡയറക്ടർ, പി ആർ ഡി

ഉത്തരവാദിത്തങ്ങൾ

- തീവ്രയജ്ഞം നടപ്പിലാക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ യഥാസമയം പുറപ്പെടുവിക്കുക.
- സമഗ്രതല ഏകോപനപ്രവർത്തനം.
- ദ്വൈവാര അവലോകനം.
- തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പ്രതിദിന റിപ്പോർട്ടുകൾ ലഭ്യമാക്കി ജില്ലാ / സംസ്ഥാന കമ്മിറ്റികളുടെ പരിഗണനക്കുള്ള മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (MIS) തയ്യാറാക്കേണ്ടതാണ്.

## ജില്ലാതല കമ്മിറ്റി

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ജില്ലാ കളക്ടർ കോ- ചെയർമാനായും ജില്ലാതലത്തിൽ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ തല ജോയിന്റ് ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ് ജില്ലാ തല ജോയിന്റ് ഡയറക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), ജില്ലാ മെഡിക്കൽ ഓഫീസർ എന്നിവർ അംഗങ്ങളായിരിക്കും. പദ്ധതി നിർവ്വഹണത്തിനും ധനസമാഹരണത്തിനുമായി ജില്ലാ പ്ലാനിംഗ് ഓഫീസർ ഡിപിസി സെക്രട്ടേറിയറ്റിന്റെ തലവൻ എന്ന നിലയിൽ പ്രത്യേക ക്ഷണിതാവ് ആയിരിക്കും. മറ്റ് വിദഗ്ദ്ധർ, സൊസൈറ്റി ഫോർ ദ പ്രിവൻഷൻ ഓഫ് അനിമൽസ് അംഗങ്ങൾ കൂടാതെ ആരോഗ്യം, പോലീസ്, കുടുംബശ്രീ മുതലായവരെ ആവശ്യാനുസൃതം

പ്രത്യേക ക്ഷണിതാക്കളായി പങ്കെടുപ്പിക്കാം. ജില്ലാ ഇൻഫർമേഷൻ ഓഫീസർ കമ്മിറ്റിക്ക് വേണ്ട ഐ.ഇ.സി സപ്പോർട്ട് നൽകേണ്ടതാണ്.

<u>ഉത്തരവാദിത്തങ്ങൾ</u>

- വാക്സിനേഷൻ തീവ്രയജ്ഞത്തിന്റെ സമഗ്രമായ ഏകോപനം.
- തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ഹോട്ട് സ്പോട്ടുകളുടെ നിർണ്ണയം അന്തിമമാക്കൽ.
- ബന്ധപ്പെട്ട വ്യക്തികൾ, സ്ഥാപനങ്ങൾ, സംഘടനകൾ എന്നിവരുടെ യോഗങ്ങൾ നടത്തി സഹായങ്ങൾ ലഭ്യമാക്കുക.
- നിയോജക മണ്ഡലതല മീറ്റിംഗുകൾ ഏകോപിപ്പിക്കുക.
- തദ്ദേശ സ്ഥാപനങ്ങൽക്ക് ഷെൽറ്ററുകൾ ലഭ്യമാക്കുനതിന് യുദ്ധകാല അടിസ്ഥാനത്തിൽ ആവശ്യമായ സഹായങ്ങൽ നൽകുക.
- പബ്ലിക് റിലേഷൻസ് വകുപ്പിന്റെ സഹായത്തോടെ ജില്ലാ തല ബോധവത്കരണ ക്യാംപെയ്നുകൾ സംഘടിപ്പിക്കുക.
- ജില്ലാ / ബ്ലോക്ക് തല പരിശീലന പരിപാടികൾ ഏകോപിപ്പിക്കുക.

<u>തദ്ദേശ സ്ഥാപനതല ജനകീയ കമ്മിറ്റി</u>

- തദ്ദേശസ്ഥാപനതല കമ്മിറ്റികളും ഡോഗ് കൺട്രോൾ സെല്ലും അനിമൽ ബർത്ത് കൺട്രോൾ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി പുനഃസംഘടിപ്പിക്കേണ്ടതാണ്.
- തദ്ദേശ സ്ഥാപനതല കമ്മിറ്റികളുടെ ഏകോപനം നടത്തുന്നതിനും പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുമായി താഴെപ്പറയുന്ന വിഭാഗങ്ങളെ ഉൾപ്പെടുത്തി ഈ സംവിധാനങ്ങളെ വിപുലീകരിക്കാവുന്നതാണ്.

i. മൃഗസംരക്ഷണ സംഘടനകളുടെ പ്രതിനിധികൾ
ii. റസിഡന്റ്സ് അസ്സോസ്സിയേഷൻ ഭാരവാഹികൾ
iii. ഹോട്ടൽ & റസ്റ്റാറന്റ് അസ്സോസ്സിയേഷൻ, വ്യാപാരി-വ്യവസായി അസ്സോസ്സിയേഷൻ
iv. NSS/NCC പ്രതിനിധികൾ
v. വാതിൽപ്പടി സേവനം സ്റ്റേറ്റ് കോർഡിനേറ്റർ
vi. ധനകാര്യ-സഹകരണ സ്ഥാപനങ്ങൾ
vii. കുടുംബശ്രീ സി.ഡി.എസ്.
viii. ജനമൈത്രി, പോലീസ് സംവിധാനം

<u>ഉത്തരവാദിത്തങ്ങൾ</u>

- തദ്ദേശ സ്ഥാപനതലത്തിലുള്ള ഹോട്ട് സ്പോട്ടുകൾ കണ്ടെത്തുക
- വോളന്റിയർമാരെ കണ്ടെത്തുക അവരുടെ സേവനം ഉറപ്പുവരുത്തുക
- തെരുവ് നായ്ക്കളുടെ ഭക്ഷണത്തിനും മറ്റ് ആവശ്യങ്ങൾക്കുമായി ധനസമാഹാരണം നടത്തുക
- നായ്ക്കളെ പിടിക്കുന്നവർക്കും നായ്ക്കളുടെ പരിപാലനം നടത്തുന്നവർക്കും പരിശീലനം നല്കുക, പ്രതിരോധകുത്തിവയ്പ്പ് നല്കുക.

- തെരുവ്നായ്ക്കളുടെ ഷെൽറ്ററുകളുടെ പരിപാലനം
- മാംസവിപണന അസ്സോസ്സിയേഷനുകളുടെ യോഗം ചേരുക
- ഹോട്ടൽ, കമ്മ്യൂണിറ്റി ഹാൾ, കല്യാണമണ്ഡപം സ്ഥാപന ഉടമകളുടെ യോഗം ചേരുക
- സ്വകാര്യ നായ് വളർത്തൽ കേന്ദ്രങ്ങളുടെ ഉടമകളുടെ പങ്കാളിത്തം/സേവനം ഉറപ്പ് വരുത്തുക
- പൊതുസ്ഥലങ്ങളിലെ മാലിന്യ നീക്കം ചെയ്യുന്ന നടപടികൾ ഏകോപിപ്പിക്കുക. ക്ലീനിംഗ് ഡ്രൈവ് സംഘടിപ്പിക്കുക
- വാക്സിനേഷൻ, ഷെൽട്ടർ, ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള ബോധവത്ക്കരണ പരിശീലന പരിപാടികൾ (IEC) സംഘടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.
- അനധികൃത അറവ്ശാലകൾ കണ്ടെത്തുകയും പിഴ ഈടാക്കുകയും ചെയ്യുക. മാംസാവശിഷ്ടങ്ങൾ നിയമാനുസൃതം സംസ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- സന്നദ്ധസംഘടനകളുടെ സഹായത്തോടെ പാചകം ചെയ്ത ഭക്ഷണം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
- തദ്ദേശ സ്ഥാപനതലത്തിൽ നടത്തുന്ന ദൈനംദിന പ്രവർത്തനങ്ങളുടെ നടപടി റിപ്പോർട്ട് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കുന്ന ഡാഷ്ബോർഡിൽ ലഭ്യമാക്കേണ്ടതാണ്.

<u>പദ്ധതി രൂപീകരണം/പുതുക്കൽ</u>

വെറ്റിനറി ഓഫീസർമാർ ആയിരിക്കും പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ. തദ്ദേശ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി സ്പെഷ്യൽ പ്രോജക്ട് ആയി ചെയ്യാവുന്നതാണ്.

- വാക്സിനേഷൻ യജ്ഞം
- ABC കേന്ദ്രങ്ങൾ സജ്ജീകരിക്കൽ
- വാഹനം വാടകയ്ക്ക് എടുക്കൽ
- IEC പ്രവർത്തനങ്ങൾക്ക്
- അഭയകേന്ദ്രങ്ങളുടെ നിർമ്മാണം, പരിപാലനം
- Dog Catchers ന്റെയും മൃഗപരിപാലകരുടേയും നിയമനം/പരിശീലനം
- കർമ്മപരിപാടിയുമായി ബന്ധപ്പെട്ട് വരുന്ന മറ്റ് അത്യന്താപേക്ഷിത ചിലവുകൾ

മേൽ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട ചെലവുകൾ വഹിക്കുന്നതിനുള്ള പ്രോജക്ടുകൾ സുലേഖ സോഫ്റ്റ് വെയറിലെ 'സ്പെഷ്യൽ പ്രോജക്ടുകൾ' എന്ന സൗകര്യം ഉപയോഗിച്ച് തയ്യാറാക്കാവുന്നതാണ്. പൊതുവിഭാഗം, സാധാരണ വിഹിതം, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ്, തനത് ഫണ്ട് എന്നിവ വകയിരുത്താവുന്നതാണ്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് ആണ് വകയിരുത്തുന്നതെങ്കിൽ ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ കൂടി പ്രൊജക്ട് വിവരങ്ങൾ ഉൾപ്പെടുത്തണം. പ്രോജക്ടുകൾക്ക് ഡി.പി.സി. ക്ലിയറൻസ് ആവശ്യമില്ല. വെറ്റിംഗ് ഓഫീസറുടെ അനുമതിയോടുകൂടി നിർവ്വഹണം നടത്താവുന്നതാണ്. ഇപ്രകാരം ഏറ്റെടുക്കുന്ന പ്രോജക്ടുകൾ പദ്ധതി ഭേദഗതി സമയത്ത്

വാർഷിക പദ്ധതിയുടെ ഭാഗമാകേണ്ടതും ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിച്ച് ഡി.പി.സി. പ്രോസസിംഗിന്റെ ഭാഗമാക്കേണ്ടതുമാണ്.

- പദ്ധതി നടത്തിപ്പിനുള്ള പശ്ചാത്തല സൗകര്യങ്ങൾ തദ്ദേശ സ്ഥാപന എഞ്ചിനീയറിംഗ് വിഭാഗം ഒരുക്കേണ്ടതാണ്.
- സ്പെഷ്യൽ പ്രോജക്ടിനായി മാത്രം സെപ്റ്റംബർ 20 മുതൽ 30 വരെ സുലേഖ സോഫ്റ്റ് വെയർ ഓപ്പൺ ചെയ്ത് നൽകേണ്ടതാണ്.

മോണിറ്ററിംഗ്

സംസ്ഥാനതലത്തിൽ രണ്ടാഴ്ചയിൽ ഒരിക്കലും, ജില്ലാതലത്തിൽ ആഴ്ചയിലും, തദ്ദേശ സ്ഥാപനതലത്തിൽ ദൈനംദിനവും ക്യാമ്പയിൻ പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്.

ഡാഷ്ബോർഡ് സംവിധാനം

ക്യാമ്പയിൻ പ്രവർത്തനം മികച്ച രീതിയിൽ ഏകോപിപ്പിക്കുന്നതിനും, വിലയിരുത്തുന്നതിനുമായി തദ്ദേശ സ്ഥാപനങ്ങൾ ആവശ്യമായ വിവരങ്ങൾ നല്കുന്നതിന് ഒരു പൊതുവായ ഡാഷ് ബോർഡ് സംവിധാനം ഒരുക്കുന്നതിന് ഇൻഫർമേഷൻ കേരള മിഷൻ (IKM) ചുമതലപ്പെടുത്തുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ എ.എ.എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
4. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
5. ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
6. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
7. സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം.
8. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം.
9. പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
10. ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷൻ, തിരുവനന്തപുരം.
11. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ, തിരുവനന്തപുരം.
12. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
13. ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം.
14. എല്ലാ ജില്ലാ കളക്ടർമാർക്കും.
15. എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും. (സംസ്ഥാന പോലീസ് മേധാവി മുഖേന)
16. എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും. (ജില്ലാ കളക്ടർ മുഖേന)
17. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും (മെമ്പർ സെക്രട്ടറി മുഖേന)
18. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും. (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)

19.എല്ലാ മൃഗസംരക്ഷണ വകുപ്പ് ജോയിന്റ് ഡയറക്ടർമാർക്കും. (മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ മുഖേന).

20.എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും. (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

21.എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.(ഗ്രാമവികസന കമ്മീഷണർ മുഖേന)

22.എല്ലാ ഗ്രാമപഞ്ചായത്തുകളിലെയും പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും. (പഞ്ചായത്ത് ഡയറക്ടർ മുഖേന)

23.എല്ലാ നഗരസഭകളിലെയും മേയർമാർക്കും / ചെയർമാൻമാർക്കും, സെക്രട്ടറിമാർക്കും. (നഗരകാര്യ ഡയറക്ടർ ഡയറക്ടർ മുഖേന)

24.രജിസ്ട്രാർ, കേരള വെറ്റിനറി & അനിമൽ സയൻസ് സർവ്വകലാശാല, പൂക്കോട്, വയനാട്.

25.രജിസ്ട്രാർ, കേരള ആരോഗ്യ സർവ്വകലാശാല.

26.മൃഗസംരക്ഷണ വകുപ്പ്.

27.ആരോഗ്യവകുപ്പ്.

28.എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

29.ഐ. & പി. ആർ. വെബ് ന്യൂ മീഡിയ. (പത്രമാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനായി)

30.കരുതൽ ശേഖരം / ഓഫീസ് പകർപ്പ് (ആർ.സി.3/346/2022/തസ്വഭവ)

ഉത്തരവിൻ പ്രകാരം

**Signed by Pradeesh M**

**Date: 15-09-2022 16:02:49**

സെക്ഷൻ ഓഫീസർ

പകർപ്പ് :

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്
2. ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്
3. ബഹു. മൃഗസംരക്ഷണ വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്
4. ബഹു. ആരോഗ്യ വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്
5. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.-ക്ക്
6. മൃഗസംരക്ഷണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.-ക്ക്
7. ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.-ക്ക്